ഭരണഭാഷ- മാതൃഭാഷ

TRY/ 11968/2019-ISMC D

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി 24/09/2019

## സർക്കുലർ നം 49/2019

വിഷയം ട്രഷറി വകുപ്പ്-സി.യു.ജി കണക്റ്റിവിറ്റി-സംബന്ധിച്ച്

സൂചന
1. സർക്കാർ ഉത്തരവ് നംബർ സ ഉ (സാ.ധാ ) 3596 /2019 തീയതി 09/05/2019
2. ട്രഷറി ഡയറക്ടറുടെ സർക്കുലർ നമ്പർ 09/2008 തീയതി 05/07/2008

ട്രഷറി വകുപ്പിന്റെ നിലവിലെ സി .യു.ജി പ്ലാനിൽ നിന്നും പുതിയ പ്ലാനിലേക്കു മാറുന്നതിന് സൂചന (1) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പുതിയ സി.യു.ജി പ്ലാനിൽ ഇന്റർനെറ്റ് ഡാറ്റാ പ്ലാനും ലഭ്യമാണ്. ഈ സാഹചര്യത്തിൽ പുതിയ പ്ലാൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗനിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. പ്ലാൻ മാറ്റത്തിന്റെ വിവരങ്ങൾ അടങ്ങിയ SMS സന്ദേശം, ഇനിയും തങ്ങളുടെ സി.യു.ജി- യിൽ ലഭിച്ചിട്ടില്ലാത്ത ട്രഷറി ഓഫീസർമാർ എത്രയും വേഗം ആ വിവരം ട്രഷറി ഡയറക്ടറേറ്റിലെ ISMC വിഭാഗത്തിൽ അറിയിക്കേണ്ടതാണ്.

2. സി.യു.ജി അനുവദിച്ചു ലഭിച്ചിട്ടുള്ള ഓഫീസർമാർ ഈ ഫോൺ എല്ലായിപ്പോഴും സ്വിച്ച് ഓൺ ആണെന്നും പ്രവർത്തനക്ഷമമാണെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഈ ഫോണിൽ ലഭിക്കുന്ന എല്ലാ കോളുകളും അറ്റൻഡ് ചെയ്യേണ്ടതും ഉത്തരവാദിത്വത്തോടും തൃപ്തികരമായും മറുപടി നൽകേണ്ടതുമാണ്.

3. ഔദ്യോഗിക ഫോൺ ആയതിനാൽ പൊതുജനങ്ങൾക്ക് നമ്പർ കൊടുക്കുവാൻ ബാധ്യസ്ഥമാണ്.

4. ട്രഷറി സി.യു.ജി ഗ്രൂപ്പിൽ ഉൾപ്പെടുന്നവർ പരസ്പരം വിളിക്കുന്ന കാളുകൾക്ക് ചാർജ് ഉണ്ടായിരിക്കുന്നതല്ല.കൂടാതെ ഇന്ത്യക്കുള്ളിലെ ഏതു നെറ്റ് വർക്കിലേക്കും പരിധിയില്ലാതെ വിളിക്കാവുന്നതാണ്.

5. സൗജന്യ 3G ഡാറ്റാ ഉപയോഗ പരിധി ഒരു മാസം 5GB ആണ്. ഈ പരിധിക്ക് പുറത്തുള്ള ഡാറ്റ ഉപയോഗത്തിന് 10 KB/ 25 പൈസ എന്ന നിരക്കിലുള്ള ഡാറ്റ ചാർജ് BSNL ഈടാക്കുന്നതാണ്. ഈ ഇനത്തിലുള്ള ചാർജ്ജുകൾ സി.യു.ജി ഫോൺ അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ സ്വയം വഹിക്കേണ്ടതാണ്. കൂടാതെ 250 SMS/ Month എന്ന സൗജന്യ ഉപയോഗ പരിധിക്കു പുറത്തുള്ള SMS നിരക്കായ 50 പൈസ/SMS എന്ന നിരക്കിലുള്ള ചാർജ്ജുകളും ടി സർവീസ് ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർ വഹിക്കേണ്ടതാണ്.

6. മറ്റു value added services/SMS premium/content calls എന്നിവയുടെ ഉപയോഗം നിർബന്ധമായും ട്രഷറി സി.യു.ജി കളിൽ ഒഴിവാക്കേണ്ടതാണ്. ഇവയുടെ ചാർജുകൾ ആയത് ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർ സ്വയം വഹിക്കേണ്ടതാണ്.

7. വകുപ്പിന്റെ സി.യു.ജി സിമ്മുകൾ ഉൾപ്പെടുത്തി ഔദ്യോഗിക ആവശ്യാർത്ഥം ഔദ്യോഗിക Whatsapp ഗ്രൂപ്പുകൾ വകുപ്പ് ആരംഭിക്കുന്നതാണ്. വകുപ്പിലെ ഓഫീസർമാർ സി.യു.ജി സിം മുഖേന മറ്റ് അനൗദ്യോഗിക ഗ്രൂപ്പുകളിൽ ചേരുകയോ സന്ദേശങ്ങൾ കൈമാറുകയോ ചെയ്യരുത്. വകുപ്പ് ആരംഭിക്കുന്ന Whatsapp ഗ്രൂപ്പുകൾ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

8. **ട്രഷറി സി.യു.ജി ഉപയോഗിച്ചുള്ള ഇന്റർനെറ്റ് ഉപയോഗത്തിന്റെ പൂർണ ഉത്തരവാദിത്തം സി.യു.ജി ഫോൺ അനുവദിക്കപ്പെട്ട ഉദ്യോഗസ്ഥനായിരിക്കും.3G data സൗകര്യം പുതിയ പ്ലാനിൽ ഉള്ളതിനാൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി മാത്രമേ ട്രഷറി സി.യു.ജി -കളിലെ ഇന്റർനെറ്റ് സൗകര്യം ഉപയോഗിക്കാവൂ. അനുമതി കൂടാതെ സർക്കാർ വെബ് സൈറ്റുകൾ അല്ലാത്ത മറ്റു വെബ് സൈറ്റുകളും സാമൂഹിക മാധ്യമങ്ങളും ട്രഷറി സി.യു.ജി ഫോൺ ഉപയോഗിച്ച് സന്ദർശിക്കുന്നത് കർശനമായി വിലക്കിയിരിക്കുന്നു. മേൽ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ട്രഷറി ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.**

9. സി.യു.ജി കൈമാറുന്നത് സംബന്ധിച്ചുള്ള ഒരു രജിസ്റ്റർ എല്ലാ ട്രഷറികളിലും സൂക്ഷിക്കേണ്ടതും ആയത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

10. സിം കാർഡ് അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ പെൻഷൻ പറ്റി പിരിയുമ്പോൾ സിം കാർഡ് പകരം വന്ന ഉദ്യോഗസ്ഥനേയോ മേലധികാരിയെയോ തിരികെ ഏല്പിക്കേണ്ടതാണ്.

11. സി.യു.ജി ഉപയോഗിച്ചിരുന്ന ഉദ്യോഗസ്ഥരുടെ എൻ.എൽ.സി നൽകുമ്പോൾ ഈ പദ്ധതിയിൽ കുടിശ്ശിക ഇല്ല എന്ന് ഉറപ്പു വരുത്തിയ ശേഷം മാത്രമേ NLC നൽകാൻ പാടുള്ളൂ. ഈ ഇനത്തിലെ ബാധ്യത പരിശോധിക്കാതെ NLC നൽകുന്ന കേസുകളിൽ റിട്ടയർ ചെയ്ത ആ ജീവനക്കാരന്റെ സർക്കാരിലേക്കുള്ള ബാധ്യത NLC നൽകുന്ന ഓഫീസറുടെ വ്യക്തിപരമായ ബാധ്യതയായി പരിഗണിച്ച് ആ ഓഫീസറിൽ നിന്നും ഈടാക്കുന്നതാണ്.

12. സിം കാർഡ് ഏതെങ്കിലും വിധത്തിൽ നഷ്ടപ്പെടുകയോ തകരാർ സംഭവിക്കുകയോ ചെയ്താൽ അതിന്റെ ഉത്തരവാദിത്തം സിം കാർഡ് അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന് ആയിരിക്കും. സിം കാർഡ് മാറ്റി വാങ്ങുന്നതിന്റെ ചെലവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തന്നെ വഹിക്കേണ്ടതാണ്.

13. മേൽ നിർദ്ദേശങ്ങൾ എല്ലാ ഓഫീസർമാരും വീഴ്ച കൂടാതെ പാലിക്കേണ്ടതാണ് . മേൽ നിർദ്ദേശങ്ങളുടെ ലംഘനങ്ങൾ ഗൗരവമായി കണ്ട് ഉത്തരവാദപ്പെട്ടവർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

**എ.എം ജാഫർ**
**ട്രഷറി ഡയറക്ടർ**

**പകർപ്പ്**

1. എല്ലാ മേഖലാ ട്രഷറി ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ എല്ലാ ജില്ലാ ട്രഷറി/സബ് ട്രഷറി / സ്റ്റാമ്പ് ഡിപ്പോ ഓഫീസർമാർക്കും
2. ട്രഷറി ഡയറക്ടറുടെ സി.എ/ ജോയിന്റ് ഡയറക്ടർ I, II/ അസിസ്റ്റന്റ് ഡയറക്ടർ / ഇ സെക്ഷൻ/ സ്റ്റോക്ക് ഫയൽ

**അംഗീകാരത്തോടുകൂടി**

**സീനിയർ സൂപ്രണ്ട്**

S.........................................................................................................